**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2388** **02-08-2021 - ൽ മറുപടിയ്ക്ക്**

**റോഡുകളുടെ അറ്റകുറ്റപ്പണികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ എ നെല്ലിക്കുന്ന്** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് പണം അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ; | (എ) | റോഡുകളുടെ ശോചനീയാവസ്ഥ, പ്രാധാന്യം, ആവശ്യകത എന്നിവ കണക്കിലെടുത്ത് അതാത് നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ സമർപ്പിക്കുന്ന എസ്റ്റിമേറ്റ് അനുസരിച്ചും ഫണ്ടിന്റെ ലഭ്യത അനുസരിച്ചുമാണ് പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള തുക അനുവദിക്കുന്നത്. റിക്ക്, കെ.ആർ.എഫ്.ബി, ആർ.ബി.ഡി.സി.കെ എന്നീ വിഭാഗങ്ങൾ നിർമ്മിച്ചു വരുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ എഗ്രിമെന്റ് പ്രകാരം കരാറുകാരൻ ചെയ്തു വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് എത്ര പണം അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം റോഡുകൾക്ക് എത്ര രൂപ വീതമാണ് അനുവദിച്ചതെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയപാത വിഭാഗത്തിനു കീഴിൽ തിരുവനന്തപുരം ജില്ലയിൽ ആറാലുംമൂട് 582/300 മുതൽ അമരവിള 589/900 വരെ 25 ലക്ഷം, ഉദിയൻകുളങ്ങര 591/100 മുതൽ കളിയിക്കാവിള 599/000 വരെ 25 ലക്ഷം രൂപ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിട്ടുണ്ട്. നിരത്തു വിഭാഗത്തിനു കീഴിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി നാളിതുവരെ 2050.084 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br>ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (സി) | മഴക്കെടുതി മൂലം ഗതാഗതയോഗ്യമല്ലാതായിത്തീർന്ന പൊതുമരാമത്ത് റോഡുകളെക്കുറിച്ചുള്ള വിശദവിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം റോഡുകളാണവയെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ; | (സി) | മഴക്കെടുതി മൂലം ഗതാഗതയോഗ്യമല്ലാതായി തീർന്ന പൊതുമരാമത്ത് റോഡുകളെക്കുറിച്ചുള്ള വിശദവിവരം ശേഖരിച്ചിട്ടുണ്ട്. ടൗട്ടെ, യാസ് ചുഴലിക്കാറ്റുകൾ മൂലവും അതിശക്തമായ മഴയിലും പൊതുമരാമത്ത് വകുപ്പ് റോഡുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. റോഡുകളുടെ ഉപരിതലത്തിനും ഓടകൾക്കും സംരക്ഷണഭിത്തികൾക്കും നാശനഷ്ടങ്ങൾ സംഭവിച്ചതിനു പുറമേ കടൽക്ഷോഭത്തെ തുടർന്ന് കടൽഭിത്തിയും തകർന്നിട്ടുണ്ട്. ദേശീയപാത വിഭാഗത്തിനു കീഴിൽ കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നിരത്തു വിഭാഗത്തിനു കീഴിൽ തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ ഭാഗത്തെ നാശനഷ്ടം സംഭവിച്ച തീരദേശ റോഡിന്റെ പുനർനിർമ്മാണത്തിന് ഏകദേശം 3 കോടി രൂപ ആവശ്യമായി വരും. കൂടാതെ 18 മീറ്റർ വീതിയിലും 75 മീറ്റർ നീളത്തിലും കടലെടുത്ത ശംഖുമുഖം ഭാഗത്തെ റോഡ് പുനർനിർമ്മിക്കുന്നതിന് റീബിൽഡ് കേരള പദ്ധതിയിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തിയിൽ അധികമായി 2 കോടി രൂപ ആവശ്യമാണ്. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി ടിപ്പുസുൽത്താൻ റോഡ് ശക്തമായ കടൽക്ഷോഭത്തെ തുടർന്ന് തീരദേശ റോഡും തകർന്നിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തൊട്ടാകെ ഗതാഗതയോഗ്യമല്ലാതായി തീർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് 5223.44 ലക്ഷം രൂപ വേണ്ടി വരുന്നുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു. |
| (ഡി) | ഇത്തരത്തിൽ ഗതാഗതയോഗ്യമല്ലാതായിത്തീർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് എത്ര ചെലവുണ്ടെന്നും പ്രസ്തുത തുക സർക്കാർ അനുവദിക്കുമോ എന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ? | (ഡി) | മഴക്കെടുതി മൂലം ഗതാഗതയോഗ്യമല്ലാതായി തീർന്ന പൊതുമരാമത്ത് റോഡുകളെക്കുറിച്ചുള്ള വിശദവിവരം ശേഖരിച്ചിട്ടുണ്ട്. ടൗട്ടെ, യാസ് ചുഴലിക്കാറ്റുകൾ മൂലവും അതിശക്തമായ മഴയിലും പൊതുമരാമത്ത് വകുപ്പ് റോഡുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. റോഡുകളുടെ ഉപരിതലത്തിനും ഓടകൾക്കും സംരക്ഷണഭിത്തികൾക്കും നാശനഷ്ടങ്ങൾ സംഭവിച്ചതിനു പുറമേ കടൽക്ഷോഭത്തെ തുടർന്ന് കടൽഭിത്തിയും തകർന്നിട്ടുണ്ട്. ദേശീയപാത വിഭാഗത്തിനു കീഴിൽ കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. നിരത്തു വിഭാഗത്തിനു കീഴിൽ തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ ഭാഗത്തെ നാശനഷ്ടം സംഭവിച്ച തീരദേശ റോഡിന്റെ പുനർനിർമ്മാണത്തിന് ഏകദേശം 3 കോടി രൂപ ആവശ്യമായി വരും. കൂടാതെ 18 മീറ്റർ വീതിയിലും 75 മീറ്റർ നീളത്തിലും കടലെടുത്ത ശംഖുമുഖം ഭാഗത്തെ റോഡ് പുനർനിർമ്മിക്കുന്നതിന് റീബിൽഡ് കേരള പദ്ധതിയിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തിയിൽ അധികമായി 2 കോടി രൂപ ആവശ്യമാണ്. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി ടിപ്പുസുൽത്താൻ റോഡ് ശക്തമായ കടൽക്ഷോഭത്തെ തുടർന്ന് തീരദേശ റോഡും തകർന്നിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തൊട്ടാകെ ഗതാഗതയോഗ്യമല്ലാതായി തീർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് 5223.44 ലക്ഷം രൂപ വേണ്ടി വരുന്നുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - II US Qn No 2388

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം 2388-നുള്ള മറുപടി

### ലിസ്റ്റ് (2)

| No. | District | Length of roads damaged (in Km) | Total amount required for rectification (Lakhs) |
|---|---|---|---|
| 1 | Trivandrum | 17.42 | 651.2 |
| 2 | Kollam | 55.55 | 745 |
| 3 | Alappuzha | 22.98 | 161.12 |
| 4 | Pathanamthitta | | 25 |
| 5 | Kottayam | 112.775 | 365.12 |
| 6 | Idukki | 0.9 | 671 |
| 7 | Muvattupuzha | 0 | 0 |
| 8 | Ernakulam | | 48 |
| 9 | Thirssur | 0.06 | 40 |
| 10 | Palakkad | 4 | 162 |
| 11 | Malapuram | 0.5 | 770 |
| 12 | Kozhikode | 4 | 500 |
| 13 | Wayanad | 2.55 | 447 |
| 14 | Kannur | 0 | 0 |
| 15 | Kasargod | 25.5 | 638 |
| | **Total** | **246.235** | **5223.44** |

സെക്ഷൻ ഓഫീസർ..

നക്ഷത്രചിഹ്നം - I US Qn No - 2388

LIST - I

| DIVISION | Amount(lakhs) |
|---|---|
| THIRUVANANTHAPURAM | 202.271 |
| KOLLAM | 156 |
| PATHANAMTHITTA | 68.697 |
| ALAPUZHA | 74.386 |
| KOTTAYAM | 110.90 |
| ERNAKULAM | 165 |
| MUVATTUPUZHA | 100.95 |
| IDUKKI | 124.20 |
| THRISSUR | 158 |
| PALAKKAD | 175.5 |
| MANJERI | 255.78 |
| KOZHIKODE | 249.83 |
| WAYANAD | 19.91 |
| KANNUR | 103.2 |
| KASARAGOD | 85.46 |
| **TOTAL(Lakhs)** | **2050.084** |

സെക്ഷൻ ഓഫീസർ

അനുബന്ധം - II    US Qn No 2388

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം 2388-നുള്ള മറുപടി

### ലിസ്റ്റ് (2)

| No. | District | Length of roads damaged (in Km) | Total amount required for rectification (Lakhs) |
|---|---|---|---|
| 1 | Trivandrum | 17.42 | 651.2 |
| 2 | Kollam | 55.55 | 745 |
| 3 | Alappuzha | 22.98 | 161.12 |
| 4 | Pathanamthitta | | 25 |
| 5 | Kottayam | 112.775 | 365.12 |
| 6 | Idukki | 0.9 | 671 |
| 7 | Muvattupuzha | 0 | 0 |
| 8 | Ernakulam | | 48 |
| 9 | Thirssur | 0.06 | 40 |
| 10 | Palakkad | 4 | 162 |
| 11 | Malapuram | 0.5 | 770 |
| 12 | Kozhikode | 4 | 500 |
| 13 | Wayanad | 2.55 | 447 |
| 14 | Kannur | 0 | 0 |
| 15 | Kasargod | 25.5 | 638 |
| | **Total** | **246.235** | **5223.44** |

സെക്ഷൻ ഓഫീസർ..